**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

.....................................

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5410**

**01.07.2019 - ൽ മറുപടിക്ക്.**

**പ്രളയത്തിൽ നഷ്ടം നേരിട്ട വ്യാപാരികൾക്ക് വായ്പ**

......................

ചോദ്യം
ശ്രീ. രാജു എബ്രഹാം

മറുപടി
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| | |
|---|---|
| (എ) 2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയത്തിൽ കടകൾ മുങ്ങി നാശനഷ്ടം നേരിട്ട വ്യാപാരികൾക്ക് പലിശരഹിത വായ്പ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) : ഉജ്ജീവന സഹായ പദ്ധതി പ്രകാരം പലിശ രഹിത വായ്പ പ്രളയബാധിതരായ കടയുടമകൾക്ക് അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ വ്യാപാരി ക്ഷേമനിധി ബോർഡും വ്യാപാരി വ്യവസായി സംഘടനകളും സംയുക്തമായി നഷ്ടം വിലയിരുത്തുകയും സംസ്ഥാനത്ത് പ്രളയദുരന്തമനുഭവിയ്ക്കുന്നവരും വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലാത്തവരുമായ 11030 വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യാപാരി ക്ഷേമനിധി ബോർഡിന് സർക്കാർ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരും 1130 പേർക്ക് ക്ഷേമനിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യാപാരി ക്ഷേമനിധി ബോർഡിന് സർക്കാർ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രളയ ദുരിതമുണ്ടായ പഞ്ചായത്തുകളിലെ വ്യാപാരികൾക്ക് 30,000/- രൂപ വീതം ദുരിതാശ്വാസ സഹായം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. |
| (ബി) എത്ര രൂപ വീതമാണ് ഓരോ കച്ചവടക്കാരനും നൽകാൻ ഉദ്ദേശിക്കുന്നത് ; വായ്പ നൽകുന്നതിലെ വ്യവസ്ഥകൾ വിശദമാക്കാമോ ; | (ബി) ; 17/12/2018 ലെ സ.ഉ.(കൈ)27/2018/DMD ഉത്തരവ് പ്രകാരം 2018 -ലെ പ്രളയത്തിൽ ബാധിതരായവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ **'ഉജ്ജീവന സഹായ പദ്ധതി '** പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. പ്രളയത്തിൽ ഉൾപ്പെട്ടെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ |

മുഖാന്തിരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്

**അർഹത**

1 Term loan & Working Capital loan 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.

2. Working Capital Loan ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താല്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്. ഈ സർക്കാർ ഉത്തരവിന് മുൻപായി 2018 -ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും.

(സി) ഇത്തരത്തിൽ വായ്പയ്ക്കായി എത്ര കച്ചവടക്കാർ അപേക്ഷ നൽകി എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; ഇതുവരെ എത്ര പേർക്ക് വായ്പ നൽകി എന്ന് അറിയിക്കാമോ ;

(സി) : ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ റിപ്പോർട്ട് പ്രകാരം 672 ഷോപ്പുകൾക്ക് ഉജ്ജീവന സഹായ പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ട് .24/06/2019 തീയതി വരെ ലഭ്യമായ ജില്ല തിരിച്ചുള്ള കണക്ക് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ഷോപ്പുകൾ | |
|---|---|---|
| | അപേക്ഷിച്ചവരുടെ എണ്ണം | ബാങ്ക് അനുവദിച്ചത് (എണ്ണം) |
| തിരുവനന്തപുരം | 3 | 0 |
| കൊല്ലം | 0 | 0 |
| പത്തനംതിട്ട | 908 | 137 |
| ആലപ്പുഴ | 327 | 38 |
| കോട്ടയം | 18 | 8 |
| ഇടുക്കി | 240 | 66 |
| എറണാകുളം | 488 | 141 |
| തൃശ്ശൂർ | 764 | 116 |
| പാലക്കാട് | 17 | 9 |
| മലപ്പുറം | 64 | 38 |

| | | |
|---|---|---|
| കോഴിക്കോട് | 34 | 52 |
| വയനാട് | 39 | 53 |
| കണ്ണൂർ | 18 | 14 |
| **ആകെ** | 2970 | 672 |

(ഡി) വായ്പ നൽകുന്നത് വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ; എന്നത്തേക്ക് കച്ചവടക്കാർക്ക് വായ്പ നൽകാനാകും എന്ന് വിശദമാക്കാമോ ?

ഉജ്ജീവന സഹായ പദ്ധതി പ്രകാരം പ്രളയബാധിതരായ കച്ചവടക്കാർക്ക് ബാങ്ക് വായ്പ അനുവദിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ത്വരിതഗതിയിൽ നടപടി സ്വീകരിക്കുന്നതിന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുമായി ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.